**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **04-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എം.എം.എൽ ലിമിറ്റഡിലെ വേസ്റ്റ് മണ്ണ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചവറ കെ.എം.എം.എൽ ലിമിറ്റഡിലെ മിനറൽ സെപ്പറേഷൻ യൂണിറ്റിൽനിന്നും ഉല്പാദന ശേഷമുള്ള വേസ്റ്റ് മണ്ണ് പ്രദേശ വാസികൾക്കും പ്രദേശത്തെ സ്ഥാപനങ്ങൾക്കും സൗജന്യമായി നൽകുന്നുണ്ടോ; ഇതിന് കമ്പനി ഡയറക്ടർ ബോർഡിന്റെ അനുമതി ഉണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ഏത് പഞ്ചായത്തിലെ ഏതൊക്കെ വാർഡുകളിൽ വേസ്റ്റ് മണ്ണ് നൽകുന്നതിനാണ് അനുമതി ഉള്ളത് എന്ന് അറിയിക്കുമോ ; | (എ) | ഉണ്ട്. മാനേജിംഗ് ഡയറക്ടറിന്റെ അനുമതിയോടു കൂടി കെ.എം.എം.എൽ കമ്പനിയുടെ എം. എസ് യൂണിറ്റിൽ നിന്നും ഉല്പാദന ശേഷമുള്ള മേൽമണ്ണ് (Tailing Sand) പന്മന പഞ്ചായത്തിലെ 7 വാർഡുകളായ പന്മന, പൊന്മന, മേക്കാട്, ചിറ്റൂർ, കളരി, പോരുക്കര, കോലം എന്നിവിടങ്ങളിൽ മരണാനന്തര ചടങ്ങുകൾക്ക് പ്രാദേശിക സർക്കാർ സ്ഥാപനങ്ങളുടെ അപേക്ഷയിൻമേൽ കമ്പനി പ്രതിനിധികൾ സ്ഥലം സന്ദർശിച്ച് ആവശ്യകത ബോധ്യപ്പെടുകയാണെങ്കിൽ കുറഞ്ഞ അളവിൽ സൗജന്യമായി അനുവദിക്കാറുണ്ട്. |
| (ബി) | ടി പ്രദേശങ്ങളിൽ അല്ലാതെ മണ്ണ് വിതരണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. മണ്ണ് (Tailing sand) വിതരണവുമായി ബന്ധപ്പെട്ട് പരാതികൾ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൻ മേൽ അന്വേഷണം നടത്തുവാൻ കമ്പനിയിലെ വിജിലൻസ് & സെക്യൂരിറ്റി സൂപ്രണ്ടിന്റെ ചുമതലയുള്ള സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തുകയും, ടി പരാതിയിൻമേലുള്ള അന്വേഷണ റിപ്പോർട്ട് കമ്പനിക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ ആരെയും കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല. കൂടാതെ ,കമ്പനിയിൽ നിന്നും വേസ്റ്റ് മണ്ണ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ കമ്പനി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; അന്വേഷണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ; അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കുമോ; | (സി) | ഉണ്ട്. മണ്ണ് (Tailing sand) വിതരണവുമായി ബന്ധപ്പെട്ട് പരാതികൾ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൻ മേൽ അന്വേഷണം നടത്തുവാൻ കമ്പനിയിലെ വിജിലൻസ് & സെക്യൂരിറ്റി സൂപ്രണ്ടിന്റെ ചുമതലയുള്ള സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തുകയും, ടി പരാതിയിൻമേലുള്ള അന്വേഷണ റിപ്പോർട്ട് കമ്പനിക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ |

| | | | |
|---|---|---|---|
| | | | ആരെയും കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല. കൂടാതെ ,കമ്പനിയിൽ നിന്നും വേസ്റ്റ് മണ്ണ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ കമ്പനി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ജിയോളജി വകുപ്പ് മണ്ണ് വിതരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നടപടികൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | മൈനിംഗ് ചെയ്ത കുഴികൾ നികത്തുന്നതിനല്ലാതെ മറ്റാവശ്യങ്ങൾക്കൊന്നും വേസ്റ്റ് മണ്ണ് ഉപയോഗിക്കുവാൻ പാടില്ലെന്ന് IRE-യ്ക്കും KMML-നും മൈനിംഗ് & ജിയോളജി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ